**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201** **12-08-2021 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും പ്രധാന ശിപാർശകളും വിശദമാക്കുമോ; | (എ) | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചു കൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാവുന്നതാണോ എന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് - ഗ്രേഷ്യ പെൻഷന്റെ മിനിമത്തിന് തുല്യമായ തുക കൂടി അനുവദിക്കുക, 01.04.2013 ന് മുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 01.04.2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശുപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പങ്കാളിത്ത പെൻഷൻ സ്കീം പിൻവലിക്കുന്നതിൽ സമിതിയുടെ അഭിപ്രായം എന്തെന്നും കേന്ദ്ര സർക്കാർ അനുവദിച്ചതിന് പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് സമിതിയുടെ ശിപാർശകളിലുള്ളതെന്നും വെളിപ്പെടുത്തുമോ; | (ബി) | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30.04.2021 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചു കൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാവുന്നതാണോ എന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി |

| | | | |
|---|---|---|---|
| | | | ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് - ഗ്രേഷ്യ പെൻഷന്റെ മിനിമത്തിന് തുല്യമായ തുക കൂടി അനുവദിക്കുക, 01.04.2013 ന് മുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 01.04.2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശുപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിക്കുന്നത് സംബന്ധിച്ച ഫയലിന്റെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം വിശദമാക്കുമോ; | (സി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ E - 179035/Pen A5/31/FIN എന്ന ഫയലിൽ വിശദമായി പരിശോധിച്ച് വരികയാണ്. |
| (ഡി) | സമിതിയെ നിയമിച്ചതെന്നാണെന്നും എത്ര കാലം കൊണ്ടാണ് സമിതി നിയുക്ത പ്രവർത്തനം പൂർത്തിയാക്കിയതെന്നും സമിതിയുടെ പ്രവർത്തനപൂർത്തീകരണത്തിന് കാലതാമസമുണ്ടായോയെന്നും വിശദമാക്കുമോ; | (ഡി) | സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 07.11.2018-ലെ സ.ഉ (അ) നം. 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയെ നിയമിച്ചിരുന്നു. സ.ഉ (അ) നം. 56/2019/ധന. തീയതി, 06/05/2019, സ.ഉ (അ) നം. 147/2019/ധന. തീയതി, 01/11/2019, സ.ഉ (അ) നം. 2790/2020/ധന. തീയതി, 16/04/2020, സ.ഉ (സാധാ) നം. 6065/2020/ധന. തീയതി, 21/10/2020 എന്നീ ഉത്തരവുകൾ പ്രകാരം സമിതിയുടെ പ്രവർത്തനം 30/04/2021 വരെ ദീർഘിപ്പിച്ചു നൽകുകയും 30/04/2021 തീയതിയിൽ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഇ) | സമിതിയുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ കാലവിളംബം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരം പരിഹരിക്കപ്പെടുമെന്നും സമിതി നിർദ്ദേശങ്ങളും ശിപാർശകളും അടിയന്തിരമായി നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ (പി) നം.172/2018/ധന. തിരുവനന്തപുരം, തീയതി, 07.11.2018

---

പരാമർശം:- സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

### ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)
2) ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.)
3) പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി

കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.)
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
6. അക്കൗണ്ടൻറ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പ്പരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നത് കേന്ദ്ര ധനക്കമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാദ്ധ്യതകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയതു പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

a) ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏതു വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക?

b) സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? ഇവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

Sd/-

## കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ (പി) നം. **56/2019/ധന.** തിരുവനന്തപുരം, തീയതി, 06.05.2019

---

പരാമർശം:- 1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013
2) സ.ഉ (പി) നം. 172/2018/ധന. തീയതി, 07.11.2018

### ഉത്തരവ്

സംസ്ഥാനത്ത് പരാമർശം (1) ഉത്തരവ് പ്രകാരം നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു( ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.), പ്രൊഫ.ഡി.നാരായണ (ഡയറക്ടർ, ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**2)** സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സംബന്ധിച്ച് സാമ്പത്തിക, നിയമ വശങ്ങളെക്കുറിച്ച് കൂടുതൽ പരിശോധനകൾ ആവശ്യമായതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി **6 മാസത്തേയ്ക്ക് കൂടി** ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. എസ്.സതീഷ് ചന്ദ്രബാബു,ജില്ലാ ജഡ്ജി (റിട്ട.)
2. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

6. അക്കൗണ്ടന്റ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.
7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ. തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ,
(കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് പങ്കാളിത്ത പെൻഷൻ പദ്ധതി - പുനഃപരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (പി) നം.147/2019/ധന. തിരുവനന്തപുരം, തീയതി,01/11/2019**

---

പരാമർശം :- (1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

(2) സ.ഉ (പി) നം.172/2018/ധന. തീയതി,07.11.2018

(3) സ.ഉ (പി) നം. 56/2019/ധന. തീയതി,06.05.2019

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് പരാമർശം (1) ഉത്തരവ് പ്രകാരം നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ. ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ (ഡയറക്ടർ,ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, പ്രസ്തുത സമിതിയുടെ കാലാവധി സർക്കാർ പരാമർശം (3) ഉത്തരവ് പ്രകാരം 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളതുമാണ്.

2) സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച് സാമ്പത്തിക, നിയമ വശങ്ങളെക്കുറിച്ച് കൂടുതൽ പരിശോധനകൾ ആവശ്യമായതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി **6 മാസത്തേയ്ക്ക് കൂടി** ദീർഘിപ്പിച്ച് നല്കികൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. സെക്രട്ടറി, സി.പി.ആർ.സി, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & റ്റാക്സേഷൻ, അഞ്ചാംനില, ശ്രീകാര്യം, തിരുവനന്തപുരം - 695017.
2. എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.)

3. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
4. പ്രൊഫ.ഡി.നാരായണ (ഡയറക്ടർ.ജി.ഐ.എഫ്.റ്റി)
5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
7. അക്കൗണ്ടൻറ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.
8. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
10. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
11. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
12. എല്ലാ വകുപ്പ് മേധാവികൾക്കും.
13. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
14. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
15. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
16. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
17. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ. (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
18. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
19. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
20. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
21. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
22. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
23. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
24. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
25. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
26. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
27. ചീഫ് സെക്രട്ടറി, കേരള സർക്കാർ
28. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
29. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
30. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
31. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
32. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
33. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
34. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
35. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
36. നോഡൽ ഓഫീസർ, www.finance.kerala.gov.in
37. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Siya

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ - എ) വകുപ്പ്**

**സ.ഉ (സാധാ) നം.2790/2020/ധന.** **തിരുവനന്തപുരം,തീയതി, 16/04/2020**

---

പരാമർശം: - 1. സ.ഉ(പി) നം. 172/2018/ധന. തീയതി: 07/11/2018

2. സ.ഉ(പി) നം. 56/2019/ധന. തീയതി: 06.05.2019

3. സ.ഉ(പി) നം. 147/2019/ധന. തീയതി: 01/11/2019

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി, റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി 6 മാസക്കാലയളവിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സമിതിയുടെ പ്രവർത്തന കാലാവധി 6 മാസം വീതം ദീർഘിപ്പിച്ചു നല്കുന്നതിനായി പരാമർശം (2), (3) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പരാമർശം (3) ഉത്തരവ് പ്രകാരം 30.04.2020 വരെയാണ് സമിതിയ്ക്ക് പ്രവർത്തിക്കുന്നതിനായി സർക്കാർ അനുവദിച്ചു നല്കിയിരിക്കുന്നത്. എന്നാൽ രാജ്യത്താകമാനം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ സമിതിയ്ക്ക് പ്രവർത്തനം അവസാനിപ്പിക്കാൻ സാധിക്കില്ല എന്ന് സമിതി സർക്കാരിനെ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി **6 മാസത്തേയ്ക്ക്** കൂടി അതായത് 31.10.2020 വരെ ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി, റിട്ട.)
2) ശ്രീ.പി.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.)
3) പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി)
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ), കേരള, തിരുവനന്തപുരം
6) അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ), കേരള, തിരുവനന്തപുരം
7) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8) ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
9) നോഡൽ ഓഫീസർ, www.finance.kerala.gov.in
10) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

===========================================================================

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (സാധാ)നം.6065/2020/ധന. തിരുവനന്തപുരം, തീയതി, 21/10/2020**

===========================================================================

പരാമർശം:- 1) സ.ഉ (അ) നം. 172/2018/ധന. തീയതി, 07.11.2018
2) സ.ഉ (അ) നം. 56/2019/ധന. തീയതി, 06.05.2019
3) സ.ഉ (അ) നം. 147/2019/ധന. തീയതി, 01.11.2019
4) സ.ഉ (സാധാ) നം.2790/2020/ധന. തീയതി, 16.04.2020
5) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി സെക്രട്ടറിയുടെ 16.10.2020-ലെ നം.7357/CPRC2/2020/Fin നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.), പ്രൊഫ.ഡി.നാരായണ (ഡയറക്ടർ, ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി 6 മാസക്കാലയളവിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സമിതിയുടെ പ്രവർത്തനകാലാവധി 6 മാസം വീതം ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സൂചന (2), (3), (4) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സൂചന (4) ഉത്തരവ് പ്രകാരം 31.10.2020 വരെയാണ് സമിതിയ്ക്ക് പ്രവർത്തനാനുമതി നല്കിയിട്ടുള്ളത്. എന്നാൽ നിലവിൽ കാലാവധി അവസാനിക്കുന്ന 2020-ഒക്ടോബർ 31 ന് മുൻപായി സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 6 മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നല്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമിതി സെക്രട്ടറി സൂചന (5) പ്രകാരം സർക്കാരിലേയ്ക്ക് കത്ത് നല്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പ്രവർത്തന കാലാവധി പരമാവധി 01.11.2020 മുതൽ 30.04.2021 വരെ 6 മാസത്തേയ്ക്ക് കൂടിയോ, അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ച നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റിങ്കു.എസ്.നെൽസൺ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.), ചെയർമാൻ
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.), മെമ്പർ
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, മെമ്പർ
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) തിരുവനന്തപുരം.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ